ശ്രീമതി കെ. ആർ. ഗൗരി : ഓപ്പൺ മാക്കറിൽ അരിയുടെ ലൈസൻസ് കൊടുക്കുന്ന കാര്യത്തെ പറ്റിയാണ് ബഹുമാനപ്പെട്ട അഹമ്മദ് ചോദിച്ചത്. അങ്ങിനെയാണ് ഉത്തരം പറഞ്ഞത്.

ശ്രീ. കെ. എം. മാണി : സർ, പുതുതായി ലൈസൻസ് എടുത്തവരിൽ കൃത്രിമം കാണിച്ചതിന്റെ പേരിൽ ഏതെങ്കിലും ലൈസൻസ് സസ്പെൻഡ് ചെയ്യുകയും പിന്നീട് തിരിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ടോ എന്നുള്ള ചോദ്യം കോഴിക്കോട് ജില്ലയെമാത്രം സ്പർശിക്കുന്ന കാര്യമാണ്. അതിനു വിവരം ശേഖരിച്ചു വരുന്നു എന്നൊക്കെ അസൗകര്യമായ രീതിയിൽ മറുപടി പറയുന്നതു ശരിയാണോ?

മി. സ്പീക്കർ : വിവരം ശേഖരിച്ചു വരുന്നു എന്നു ഉത്തരം പറയുന്നതു അസൗകര്യമല്ല. That is an inference.

ശ്രീ. കെ. എം. ജോർജ് : ഇതു പുതുതായി കൊടുത്ത ലൈസൻസിനെ സംബന്ധിച്ചാണ് ചോദ്യം. അതു അറിയാൻ ഇത്ര വിഷമമൊന്നുമില്ല. Naturally it speaks for itself.

Written Answers

വ്യവസായ വായ്പ

* 41. [100] ശ്രീ. എ. എസ്. എൻ. നമ്പീശൻ

,, ശ്രീ. വി. വി. ദക്ഷിണമൂർത്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര വ്യവസായ സ്ഥാപനങ്ങൾക്ക് ബാങ്കുകളിൽനിന്നും വായ്പയെടുക്കാൻ ഗ്യാരൻറി നൽകുകയുണ്ടായി.

(ബി) കോട്ടയം ഇലക്ട്രോ കെമിക്കൽസിനു അപ്രകാരം ഗ്യാരൻറി കൊടുത്തിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ സാമ്പത്തികവും വ്യാവസായികവും ആയ നില അപകടത്തിലാണെന്നു വ്യവസായവകുപ്പ് സെക്രട്ടറിയും ധനകാര്യ വകുപ്പ് സെക്രട്ടറിയും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ?

വ്യവസായ മന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ഈ ഗവണ്മെന്റ് ഗ്യാരൻറി നൽകിയിട്ടുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു †

(ബി) ഉണ്ട്.

(സി) ഇല്ല.

കൈത്തറി ഉൽപ്പന്നങ്ങൾ സ്റ്റാൻറർഡൈസ് ചെയ്യുന്ന സ്ഥാപനങ്ങൾ

* 42. [103] ശ്രീ എം. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി ഉൽപ്പന്നങ്ങൾ സ്റ്റാൻറർഡൈസ് ചെയ്യുന്നതിനു സർക്കാർ ഉടമയിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് ഈ രാജ്യത്തു നിലവിലുള്ളതു ;

† Appendix I

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

Please see answer to starred Qn. No. 41 (100) dated 7-8-69.

വ്യവസായവാണ്ടിയ്ക്ക് ഗവണ്മെന്റ് ഗ്യാരന്റി നൽകിയിട്ടുള്ള വ്യവസായ

സ്ഥാപനങ്ങളുടെ

1. ചക്കോള സ്പിന്നിംഗ് ആൻറ് വീവിംഗ് മിൽസ് ലിമിറ്റഡ്, കളമശ്ശേരി.
2. മെസേഴ്സ് ഒ. വക്കൻ ആൻറ് സൺസ്, ആലപ്പി.
3. ഗവൺമെൻറ് ഇലക്ട്രോ കെമിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ചിങ്ങവനം.
4. കേരളാ ഫിഷറീസ് കോർപ്പറേഷൻ ലിമിറ്റഡ്, എറണാകുളം.
5. കേരളാസ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പുമെൻറ് കോർപ്പറേഷൻ.
6. മന്നം ഷുഗർമിൽസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പന്തളം.
7. സ്റ്റേൻറാർഡ് ടൈൽ ആൻറ് ക്ലേവർക്സ് ലിമിറ്റഡ്, ഫറോക്ക്.
8. കേരളാസ്റ്റേറ്റ് ഹാൻഡ്ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.
9. ഹാൻഡ്ലൂം വീവേഴ്സ് സൊസൈറ്റി ലിമിറ്റഡ്.
10. കേരളാ സോപ്പ്സ് ആൻറ് ഓയിൽസ് ലിമിറ്റഡ്, കോഴിക്കോട്.
11. കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് ലിമിറ്റഡ്, ചിറ്റൂർ.
12. കേരളാ സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് കോർപ്പറേഷൻ.
13. കേരളാ സെറാമിക്സ് ലിമിറ്റഡ്, കണ്ണൂർ.

LIBRARY ARCHIVES Kerala Legislative Assembly